ഉത്തരം

പുതുതായി കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി വരുത്തിയ പരിഷ്ക്കാരങ്ങൾ

179 (5584) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി കണക്ഷനായി അപേക്ഷിക്കുന്ന ഉപഭോക്താവിന് എത്ര ദിവസത്തിനുള്ളിൽ പ്രസ്തുത കണക്ഷൻ നല്കാൻ നടപടി സ്വീകരിക്കണമെന്നാണ് നിർദ്ദേശം നല്കിയിട്ടുള്ളത് ;

(സി) സെക്ഷൻ ഓഫീസുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലത്തിലുള്ളവരുടെ എന്തൊക്കെ അധികാരങ്ങളാണ് വികേന്ദ്രീകരിച്ചു നല്കിയിരിക്കുന്നത് ;

(ഡി) ഇനിയും ഈ രംഗത്ത് എന്തൊക്കെ പരിഷ്കാരങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ)

1. സർവ്വീസ് കണക്ഷൻ നടപടികൾ ലഘൂകരിച്ചു.56 പേജുണ്ടായിരുന്ന സർവ്വീസ് കണക്ഷൻ അപേക്ഷാഫോറം ചുരുക്കി 2 പേജ് മാത്രമാക്കി.

2. പുതിയ സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പം ഒടുക്കേണ്ട കരുതൽ തുക സംസ്ഥാന വ്യാപകമായി ഏകീകരിച്ചു. എൽ.റ്റി. സർവ്വീസ് കണക്ഷൻ അപേക്ഷകർ മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി.

3. പോസ്റ്റ് ആവശ്യമില്ലാത്ത അപേക്ഷകർക്ക് സർവ്വീസ് കണക്ഷൻ അപേക്ഷയോടൊപ്പം തന്നെ അപേക്ഷാഫീസ്, കരുതൽ തുക, ഒ.വൈ.ഇ.സി. എന്നിവ അടയ്ക്കാനുള്ള അവസരം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

4. ഒരു കെട്ടിടത്തിൽ പ്രത്യേക കെട്ടിട നമ്പർ ഇല്ലാതെ തന്നെ വിഭിന്നമായ ആവശ്യങ്ങൾക്കായി എച്ച്.റ്റി./എൽ.റ്റി. ഉൾപ്പെടെ പ്രത്യേകം പ്രത്യേകം കണക്ഷനുകൾ അനുവദിക്കാൻ തീരുമാനിച്ചു. ഒരു കെട്ടിട നമ്പറിൽ തന്നെ ഒന്നിൽ കൂടുതൽ ഗാർഹിക കണക്ഷനുകളും നൽകുന്നതാണ്.

5. പുതിയ കണക്ഷനുകൾ എടുക്കുമ്പോഴും അധിക ലോഡ് ആവശ്യമുള്ളപ്പോഴും പവർ അലോക്കേഷൻ ആവശ്യമെന്ന നിബന്ധന പിൻവലിച്ചു.

(ബി) പോസ്റ്റും കമ്പിയും ആവശ്യമില്ലാത്ത വെതർ പ്രൂഫ് സർവ്വീസ് കണക്ഷനുകൾ കഴിയുന്നതും തുക അടച്ച് രണ്ട് ദിവസത്തിനുള്ളിലും, എച്ച് റ്റി. വർക്കുകൾ ആവശ്യമുള്ളതും എന്നാൽ ലൈൻ എക്സ്റ്റൻഷൻ ആവശ്യമില്ലാത്തതുമായ കണക്ഷനുകൾ അറുപതു ദിവസത്തിനുള്ളിലും നൽകണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) മുൻകാലങ്ങളിൽ ഔട്ട് ഓഫ് ടേൺ പ്രയോറിറ്റി അനുവദിക്കാനുള്ള അധികാരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക്/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ആയിരുന്നു. പ്രസ്തുത അധികാരം ഇപ്പോൾ അസ്സിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകി.

(ഡി) സർവ്വീസ് കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രത്യേകം വിഭാഗങ്ങൾ ഉള്ള മോഡൽ സെക്ഷൻ സംവിധാനം നിലവിൽ 230 സെക്ഷനുകളിലാണ് നടപ്പാക്കിയിട്ടുള്ളത്. ഈ സൗകര്യങ്ങൾ കേരളത്തിലെ മുഴുവൻ സെക്ഷനുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. വീട്ടു നമ്പർ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ലോക്കൽ ബോഡിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലും തീരപ്രദേശങ്ങളിൽ റേഷൻ കാർഡ്/വോട്ടർ ഐഡന്റിറ്റി കാർഡ് എന്നിവയുടെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷനുകൾ അനുവദിക്കുന്നതാണ്.

തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ വിച്ഛേദിക്കപ്പെട്ട കണക്ഷൻ പുനഃസ്ഥാപിക്കാൻ നടപടി

180 (5585) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക ചട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വൈദ്യുതീകരിക്കാത്ത പട്ടികവർഗ്ഗ കോളനികൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുണ്ടോയെന്ന് വിശദീകരിക്കുമോ ;

(സി) തില്ലങ്കേരി ഗ്രാമപഞ്ചായത്തിലുള്ള ശങ്കരൻകണ്ടി പട്ടികവർഗ്ഗ കോളനിയിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത വൈദ്യുതി കണക്ഷൻ അടിയന്തരമായി പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

417/13

LIBRARY ARCHIVES Kerala Legislative Assembly